# മൂപ്പന്മാർക്കും ഉത്തരവാദിത്തമുള്ളവർക്കും വേണ്ടിയുള്ള അന്താരാഷ്ട്ര പരിശീലനം

2025 ഏപ്രിൽ

**പൊതുവിഷയം:**

## ഒരുമനസ്സും പ്രവൃത്തികളുടെ പുസ്തകത്തിന്റെ നിർണായക വശങ്ങളും

ദൂത് രണ്ട്

## ഒരു മനസ്സ്

RK *Hymns*: ML598

തിരുവെഴുത്ത് വായന: പ്രവൃ. 1:14; 2:46; 4:24, 32; 5:12; 15:25; റോമ. 15:5-6; 1 കൊരി. 1:10

പ്രവൃ. 1:14 ഇവർ എല്ലാവരും, സ്ത്രീകളോടും യേശുവിന്റെ അമ്മ മറിയയോടും, അവന്റെ സഹോദരന്മാരോടും കൂടെ, ഒരുമനസ്സോടെ ദൃഢചിത്തരായി പ്രാർഥനയിൽ തുടർന്നു.

പ്രവൃ. 2:46 അവർ ദിനംപ്രതി ഒരുമനസ്സോടെ ദൃഢചിത്തരായി ദൈവാലയത്തിൽ തുടർന്നും, ഭവനംതോറും അപ്പം നുറുക്കിയും, ഉല്ലാസത്തോടും ഹൃദയലാളിത്യത്തോടുംകൂടെ തങ്ങളുടെ ഭക്ഷണത്തിൽ പങ്കുകൊള്ളുകയും,

പ്രവൃ. 4:24 അവർ ഇത് കേട്ടപ്പോൾ, ഒരുമനസ്സോടെ ദൈവത്തോട് തങ്ങളുടെ ശബ്ദം ഉയർത്തി പറഞ്ഞു, സർവാധികാരിയായ യജമാനനേ, ആകാശത്തെയും ഭൂമിയെയും സമുദ്രത്തെയും അവയിലുള്ള സകലത്തെയും ഉണ്ടാക്കിയവൻ നീ ആകുന്നു,

പ്രവൃ. 4:32 വിശ്വസിച്ച പുരുഷാരത്തിന്റെ ഹൃദയവും ദേഹിയും ഒന്നായിരുന്നു; തന്റെ വസ്തുവകകൾ തന്റെ സ്വന്തം എന്ന് ഒരുത്തൻ പോലും പറഞ്ഞില്ല, അവർക്ക് എല്ലാം പൊതുവക ആയിരുന്നു.

പ്രവൃ. 5:12 അപ്പൊസ്തലന്മാരുടെ കൈകളാൽ ജനത്തിനിടയിൽ അനേകം അടയാളങ്ങളും അത്ഭുതങ്ങളും നടന്നു; അവർ എല്ലാവരും ഒരുമനസ്സോടെ ശലോമോന്റെ മണ്ഡപത്തിൽ ആയിരുന്നു.

പ്രവൃ. 15:25 ഒരുമനസ്സുള്ളവരായിത്തീർന്നിട്ട്, ചില പുരുഷന്മാരെ തിരഞ്ഞെടുത്ത് ഞങ്ങളുടെ പ്രിയരായ ബർന്നബാസിനോടും പൗലൊസിനോടും കൂടെ നിങ്ങളുടെ അടുക്കൽ അയയ്ക്കുന്നത് നല്ലതെന്ന് ഞങ്ങൾക്കു തോന്നി,

റോമ. 15:5 സഹിഷ്ണുതയുടെയും പ്രോത്സാഹനത്തിന്റെയും ദൈവം, നിങ്ങൾക്ക് ക്രിസ്തു യേശുവിനൊത്തവണ്ണം തമ്മിൽ ഒരേ മനസ്സുള്ളവരായിരിക്കുവാൻ നൽകുമാറാകട്ടെ,

റോമ. 15:6 — അത് നിങ്ങൾ ഒരു മനസ്സോടെ ഒരു വായ് കൊണ്ട് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവും ആയവനെ മഹത്വപ്പെടുത്തേണ്ടതിന് തന്നെ.

1 കൊരി. 1:10 — സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒരേ കാര്യം സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ വിഭാഗങ്ങൾ ഇല്ലാതെ, ഒരേ മനസ്സിലും ഒരേ അഭിപ്രായത്തിലും പൊരുത്തപ്പെടണം എന്ന് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമം മുഖാന്തരം ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു.

**I. സഭയിലുള്ള യഥാർഥ ഒരുമനസ്സ് ശരീരത്തിന്റെ ഒരുമയുടെ അനുഷ്ഠാനമാണ്, അത് ആത്മാവിന്റെ ഒരുമയാണ്—എഫെ. 4:3-6:**

എഫെ. 4:3 — ആത്മാവിന്റെ ഒരുമ സമാധാനത്തിന്റെ ഏകീകരണ ബന്ധത്തിൽ കാക്കുവാൻ ശുഷ്കാന്തിയുള്ളവരായിരുന്നുകൊണ്ട് തന്നെ:

എഫെ. 4:4 — ശരീരം ഒന്ന് ആത്മാവ് ഒന്ന്, നിങ്ങളുടെ വിളിയുടെ ഏക പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ തന്നെ;

എഫെ. 4:5 — കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്;

എഫെ. 4:6 — എല്ലാവർക്കും മീതെയും എല്ലാവരിലൂടെയും എല്ലാവരിലും ഉള്ളവനായ, എല്ലാവരുടെയും ദൈവവും പിതാവും ഒരുവൻ.

A. സഭയിൽ യഥാർഥ ഒരുമനസ്സിന്റെ അനുഷ്ഠാനം ഒരുമയുടെ പ്രയോഗമാണ്; ഒരുമ അനുഷ്ഠിക്കപ്പെടുമ്പോൾ, അത് ഒരുമനസ്സായിത്തീരുന്നു—പ്രവൃ. 1:14; 2:46.

പ്രവൃ. 1:14 — ഇവർ എല്ലാവരും, സ്ത്രീകളോടും യേശുവിന്റെ അമ്മ മറിയയോടും, അവന്റെ സഹോദരന്മാരോടും കൂടെ, ഒരുമനസ്സോടെ ദൃഢചിത്തരായി പ്രാർഥനയിൽ തുടർന്നു.

പ്രവൃ. 2:46 — അവർ ദിനംപ്രതി ഒരുമനസ്സോടെ ദൃഢചിത്തരായി ദൈവാലയത്തിൽ തുടർന്നും, ഭവനംതോറും അപ്പം നുറുക്കിയും, ഉല്ലാസത്തോടും ഹൃദയലാളിത്യത്തോടുംകൂടെ തങ്ങളുടെ ഭക്ഷണത്തിൽ പങ്കുകൊള്ളുകയും,

B. സുവിശേഷങ്ങളെയും പ്രവൃത്തിയുടെ പുസ്തകത്തെയും വേർതിരിക്കുന്ന നാഴികക്കല്ല് നൂറ്റിയിരുപതുപേരുടെ ഇടയിലുള്ള ഒരുമനസ്സാണ്—1:14:

പ്രവൃ. 1:14 — ഇവർ എല്ലാവരും, സ്ത്രീകളോടും യേശുവിന്റെ അമ്മ മറിയയോടും, അവന്റെ സഹോദരന്മാരോടും കൂടെ, ഒരുമനസ്സോടെ ദൃഢചിത്തരായി പ്രാർഥനയിൽ തുടർന്നു.

1. അവർ ശരീരത്തിൽ ഒന്നായിത്തീരുകയും, ആ ഒരുമയിൽ അവർ പ്രാർഥനയിൽ ഒരുമനസ്സോടെ ദൃഢചിത്തരായി തുടരുകയും ചെയ്തു—എഫെ. 4:3-6; പ്രവൃ. 1:14.

എഫെ. 4:3 — ആത്മാവിന്റെ ഒരുമ സമാധാനത്തിന്റെ ഏകീകരണ

ബന്ധത്തിൽ കാക്കുവാൻ ശുഷ്കാന്തിയുള്ളവരായിരുന്നുകൊണ്ട് തന്നെ:

| | |
|---|---|
| എഫെ. 4:4 | ശരീരം ഒന്ന് ആത്മാവ് ഒന്ന്, നിങ്ങളുടെ വിളിയുടെ ഏക പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ തന്നെ; |
| എഫെ. 4:5 | കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്; |
| എഫെ. 4:6 | എല്ലാവർക്കും മീതെയും എല്ലാവരിലൂടെയും എല്ലാവരിലും ഉള്ളവനായ, എല്ലാവരുടെയും ദൈവവും പിതാവും ഒരുവൻ. |
| പ്രവൃ. 1:14 | ഇവർ എല്ലാവരും, സ്ത്രീകളോടും യേശുവിന്റെ അമ്മ മറിയയോടും, അവന്റെ സഹോദരന്മാരോടും കൂടെ, ഒരുമനസ്സോടെ ദൃഢചിത്തരായി പ്രാർഥനയിൽ തുടർന്നു. |

2. അപ്പൊസ്തലന്മാരും വിശ്വാസികളും സഭാജീവിതം അനുഷ്ഠിച്ചപ്പോൾ, അവർ അത് ഒരുമനസ്സിൽ അനുഷ്ഠിച്ചു—2:46; 4:24, 32; 5:12; 15:25.

| | |
|---|---|
| പ്രവൃ. 2:46 | അവർ ദിനംപ്രതി ഒരുമനസ്സോടെ ദൃഢചിത്തരായി ദൈവാലയത്തിൽ തുടർന്നും, ഭവനംതോറും അപ്പം നുറുക്കിയും, ഉല്ലാസത്തോടും ഹൃദയലാളിത്യത്തോടുംകൂടെ തങ്ങളുടെ ഭക്ഷണത്തിൽ പങ്കുകൊള്ളുകയും, |
| പ്രവൃ. 4:24 | അവർ ഇത് കേട്ടപ്പോൾ, ഒരുമനസ്സോടെ ദൈവത്തോട് തങ്ങളുടെ ശബ്ദം ഉയർത്തി പറഞ്ഞു, സർവാധികാരിയായ യജമാനനേ, ആകാശത്തെയും ഭൂമിയെയും സമുദ്രത്തെയും അവയിലുള്ള സകലത്തെയും ഉണ്ടാക്കിയവൻ നീ ആകുന്നു, |
| പ്രവൃ. 4:32 | വിശ്വസിച്ച പുരുഷാരത്തിന്റെ ഹൃദയവും ദേഹിയും ഒന്നായിരുന്നു; തന്റെ വസ്തുവകകൾ തന്റെ സ്വന്തം എന്ന് ഒരുത്തൻ പോലും പറഞ്ഞില്ല, അവർക്ക് എല്ലാം പൊതുവക ആയിരുന്നു. |
| പ്രവൃ. 5:12 | അപ്പൊസ്തലന്മാരുടെ കൈകളാൽ ജനത്തിനിടയിൽ അനേകം അടയാളങ്ങളും അത്ഭുതങ്ങളും നടന്നു; അവർ എല്ലാവരും ഒരുമനസ്സോടെ ശലോമോന്റെ മണ്ഡപത്തിൽ ആയിരുന്നു. |
| പ്രവൃ. 15:25 | ഒരുമനസ്സുള്ളവരായിത്തീർന്നിട്ട്, ചില പുരുഷന്മാരെ തിരഞ്ഞെടുത്ത് ഞങ്ങളുടെ പ്രിയരായ ബർന്നബാസിനോടും പൗലൊസിനോടും കൂടെ നിങ്ങളുടെ അടുക്കൽ അയയ്ക്കുന്നത് നല്ലതെന്ന് ഞങ്ങൾക്കു തോന്നി, |

C. നാം ശരീരത്തിന്റെ തത്ത്വം അനുഷ്ഠിക്കുന്നുവെങ്കിൽ, നമുക്ക് ഒരുമനസ്സുണ്ടായിരിക്കും, കാരണം ഒരുമനസ്സ് ശരീരമാണ്—റോമ. 12:4-5; 15:5-6; 1 കൊരി. 12:12-13, 20, 27; 1:10.

| | |
|---|---|
| റോമ. 12:4 | ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, എല്ലാ അവയവങ്ങൾക്കും ഒരേ പ്രവർത്തനം അല്ലാതിരിക്കുകയും ചെയ്യുന്നതുപോലെ, |
| റോമ. 12:5 | പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു. |
| റോമ. 15:5 | സഹിഷ്ണുതയുടെയും പ്രോത്സാഹനത്തിന്റെയും ദൈവം, നിങ്ങൾക്ക് ക്രിസ്തു യേശുവിനൊത്തവണ്ണം തമ്മിൽ ഒരേ മനസ്സുള്ളവരായിരിക്കുവാൻ നൽകുമാറാകട്ടെ, |
| റോമ. 15:6 | അത് നിങ്ങൾ ഒരു മനസ്സോടെ ഒരു വായ് കൊണ്ട് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവും ആയവനെ മഹത്വപ്പെടുത്തേണ്ടതിന് തന്നെ. |
| 1 കൊരി. 12:12 | എന്തെന്നാൽ ശരീരം ഒന്നും, അതിന് പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, ശരീരത്തിലെ അവയവങ്ങളെല്ലാം പലതായിരിക്കെ, ഒരു ശരീരം ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും. |
| 1 കൊരി. 12:13 | യെഹൂദന്മാരോ യവനന്മാരോ ആകട്ടെ, അടിമകളോ സ്വതന്ത്രരോ ആകട്ടെ, നമ്മെ എല്ലാവരെയും ഒരു ആത്മാവിൽ ഒരു ശരീരത്തിലേക്ക് സ്നാനപ്പെടുത്തുകയും, എല്ലാവർക്കും ഒരു ആത്മാവിനെ പാനം ചെയ്യുവാൻ നൽകുകയും ചെയ്തു. |
| 1 കൊരി. 12:20 | എന്നാൽ ഇപ്പോൾ അവയവങ്ങൾ പലതെങ്കിലും ശരീരം ഒന്നത്രേ. |
| 1 കൊരി. 12:27 | നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും, വ്യക്തിഗതമായി അവയവങ്ങളും ആകുന്നു. |
| 1 കൊരി. 1:10 | സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒരേ കാര്യം സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ വിഭാഗങ്ങൾ ഇല്ലാതെ, ഒരേ മനസ്സിലും ഒരേ അഭിപ്രായത്തിലും പൊരുത്തപ്പെടണം എന്ന് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമം മുഖാന്തരം ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. |

D. ഒരുമനസ്സ് പുതിയനിയമത്തിലെ ഏത് അനുഗ്രഹത്തിന്റെയും പ്രധാന താക്കോലാണ്—എഫെ. 1:3; സങ്കീ. 133:

| | |
|---|---|
| എഫെ. 1:3 | സ്വർഗീയങ്ങളിലെ സകല ആത്മിക, അനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചവനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവും ആയവൻ |

വാഴ്ത്തപ്പെട്ടവൻ,

സങ്കീ. 133:1 ദാവീദിന്റെ ഒരു ആരോഹണ ഗീതം. ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നതു എത്ര ശുഭവും എത്ര മനോഹരവും ആകുന്നു!

സങ്കീ. 133:2 അതു വസ്ത്രത്തിന്റെ വിളുമ്പിലേക്കു നീണ്ടു കിടക്കുന്ന താടിയിലേക്കു, അഹരോന്റെ താടിയിലേക്കു തന്നേ, ഒഴുകുന്നതായി അവന്റെ തലയിലെ വിശേഷതൈലംപോലെയും

സങ്കീ. 133:3 സീയോൻപർവ്വതത്തിൽ പെയ്യുന്ന ഹെർമ്മോന്യമഞ്ഞുപോലെയും ആകുന്നു; അവിടെയല്ലോ യഹോവ അനുഗ്രഹവും ശാശ്വതമായുള്ള ജീവനും കല്പിച്ചിരിക്കുന്നതു.

1. ദൈവത്തിന്റെ അനുഗ്രഹം സ്വികരിക്കുന്നതിന്, നാം ഒരുമനസ്സിനാൽ ഒരുമ അനുഷ്ഠിക്കണം—വാ. 1.

   സങ്കീ. 133:1 ദാവീദിന്റെ ഒരു ആരോഹണ ഗീതം. ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നതു എത്ര ശുഭവും എത്ര മനോഹരവും ആകുന്നു!

2. ഒരുമയുടെ അനുഷ്ഠാനമായ ഒരുമനസ്സിന്റെ ഒരു സാഹചര്യത്തിന്മേൽ മാത്രമേ ദൈവത്തിന്റെ അനുഗ്രഹം വരുവാൻ കഴിയുകയുള്ളൂ.

**II. നമ്മുടെ ആന്തരിക ആളത്തത്തിലുള്ള, നമ്മുടെ മനസ്സിലും ഇച്ഛയിലുമുള്ള, സ്വരച്ചേർച്ചയെയാണ് ഒരുമനസ്സ് സൂചിപ്പിക്കുന്നത്—പ്രവൃ. 1:14:**

പ്രവൃ. 1:14 ഇവർ എല്ലാവരും, സ്ത്രീകളോടും യേശുവിന്റെ അമ്മ മറിയയോടും, അവന്റെ സഹോദരന്മാരോടും കൂടെ, ഒരുമനസ്സോടെ ദൃഢചിത്തരായി പ്രാർഥനയിൽ തുടർന്നു.

A. പ്രവൃത്തികൾ 1:14-ൽ "ഒരുമനസ്സ്" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന *ഹോമൊതുമാഡോൻ* എന്ന യവനപദം ശക്തവും സർവവും-ഉൾക്കൊള്ളുന്നതുമാണ്:

   പ്രവൃ. 1:14 ഇവർ എല്ലാവരും, സ്ത്രീകളോടും യേശുവിന്റെ അമ്മ മറിയയോടും, അവന്റെ സഹോദരന്മാരോടും കൂടെ, ഒരുമനസ്സോടെ ദൃഢചിത്തരായി പ്രാർഥനയിൽ തുടർന്നു.

1. ഈ പദം "ഒരേ" എന്നർഥമുള്ള *ഹോമോ*യിൽനിന്നും, "മനസ്സ്, ഇച്ഛ, ഉദ്ദേശ്യം (ദേഹി, ഹൃദയം)" എന്നീ അർഥങ്ങളുള്ള *തുമോസ്* എന്ന വാക്കിൽനിന്നും വരുകയും, അത് ഒരുവന്റെ മുഴുവൻ ആളത്തത്തിലുമുള്ള ആന്തരിക അനുഭൂതിയുടെ സ്വരച്ചേർച്ചയെ സൂചിപ്പിക്കുകയും ചെയ്യുന്നു.

2. നമ്മുടെ ദേഹിക്കും ഹൃദയത്തിനും ചുറ്റിലും ഉള്ളിലും നാം ഒരേ ഉദ്ദേശ്യത്തോടുകൂടെ ഒരേ മനസ്സിലും ഒരേ ഇച്ഛയിലും ആയിരിക്കണം; നമ്മുടെ മുഴുവൻ ആളത്തവും ഉൾപ്പെടുന്നു എന്ന് ഇതർഥമാക്കുന്നു.

3. നൂറ്റിയിരുപതുപേർ ഒരുമനസ്സിലായിരിക്കുക എന്നതിന്റെ അർഥം അവരുടെ മുഴുവൻ ആളത്തങ്ങളും ഒന്നായിരുന്നു എന്നാണ്—വാക്യം 14.

പ്രവൃ. 1:14 ഇവർ എല്ലാവരും, സ്ത്രീകളോടും യേശുവിന്റെ അമ്മ മറിയയോടും, അവന്റെ സഹോദരന്മാരോടും കൂടെ, ഒരുമനസ്സോടെ ദൃഢചിത്തരായി പ്രാർഥനയിൽ തുടർന്നു.

B. മത്തായി 18:19-ൽ ഒരുമനസ്സിനെ സൂചിപ്പിക്കുന്നതിന് *സംഫോണിയോ* എന്ന യവനപദം ഉപയോഗിക്കുന്നു:

മത്താ. 18:19 വീണ്ടും, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ ചോദിക്കുന്ന ഏതു കാര്യത്തെക്കുറിച്ചും സ്വരച്ചേർച്ചയിലാണെങ്കിൽ, സ്വർഗസ്ഥനായ എന്റെ പിതാവിൽനിന്ന് അത് അവർക്കു ചെയ്തിരിക്കും.

1. ഈ വാക്ക് “സ്വരച്ചേർച്ചയിൽ അഥവാ സമ്മതത്തിൽ ആയിരിക്കുക” എന്ന് അർഥമാക്കുകയും, സംഗീത ഉപകരണങ്ങളുടെ സ്വരച്ചേർച്ചയുള്ള ശബ്ദത്തെയോ സ്വരങ്ങളെയോ സൂചിപ്പിക്കുകയും ചെയ്യുന്നു; വിശ്വാസികൾക്കിടയിലെ ആന്തരിക അനുഭൂതിയുടെ സ്വരച്ചേർച്ച, സ്വരച്ചേർച്ചയുള്ള ഒരു സ്വരമാധുര്യം പോലെയാണ്.

2. നമുക്ക് ഒരുമനസ്സുണ്ടായിരിക്കുമ്പോൾ, നാം ദൈവത്തിന് പ്രസാദകരമായ ഒരു സ്വരമാധുര്യമായിത്തീരുന്നു.

## III. ഒരുമയുടെ—ഒരുമനസ്സിന്റെ—അനുഷ്ഠാനം അപ്പൊസ്തലന്മാരുടെ ഉപദേശത്തിനൊത്തവണ്ണമാണ്—പ്രവൃ. 2:42, 46:

പ്രവൃ. 2:42 അവർ അപ്പൊസ്തലന്മാരുടെ ഉപദേശത്തിലും കൂട്ടായ്മയിലും, അപ്പം നുറുക്കലിലും പ്രാർഥനകളിലും ദൃഢചിത്തരായി തുടർന്നുകൊണ്ടിരുന്നു.

പ്രവൃ. 2:46 അവർ ദിനംപ്രതി ഒരുമനസ്സോടെ ദൃഢചിത്തരായി ദൈവാലയത്തിൽ തുടർന്നും, ഭവനംതോറും അപ്പം നുറുക്കിയും, ഉല്ലാസത്തോടും ഹൃദയലാളിത്യത്തോടുംകൂടെ തങ്ങളുടെ ഭക്ഷണത്തിൽ പങ്കുകൊള്ളുകയും,

A. വിശ്വാസികളുടെ ഇടയിൽ ഒരുമനസ്സുണ്ടായിരിക്കുകയും, ഒരുമനസ്സിലായിരുന്നവർ അപ്പൊസ്തലന്മാരുടെ ഉപദേശത്തിൽ ദൃഢചിത്തരായി തുടരുകയും ചെയ്തു—വാ. 42.

പ്രവൃ. 2:42 അവർ അപ്പൊസ്തലന്മാരുടെ ഉപദേശത്തിലും കൂട്ടായ്മയിലും, അപ്പം നുറുക്കലിലും പ്രാർഥനകളിലും

ദൃഢചിത്തരായി തുടർന്നുകൊണ്ടിരുന്നു.

B. അപ്പൊസ്തലന്മാർ എല്ലാ സ്ഥലങ്ങളിലുമുള്ള എല്ലാ സഭകളിലുമുള്ള എല്ലാ വിശുദ്ധന്മാരോടും ഒരേ കാര്യം ഉപദേശിച്ചു; ഇന്ന് ഭൂമിയിലുടനീളമുള്ള എല്ലാ രാജ്യങ്ങളിലെയും എല്ലാ സഭകളിലും നാമും ഒരേ കാര്യം ഉപദേശിക്കണം—1 കൊരി. 4:17; 7:17; 11:16; 14:33-34; മത്താ. 28:19-20.

| | |
|---|---|
| 1 കൊരി. 4:17 | ഇതു നിമിത്തം ഞാൻ കർത്താവിൽ എന്റെ പ്രിയനും വിശ്വസ്തനുമായ മകൻ തിമൊഥെയൊസിനെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു, എല്ലായിടത്തുമുള്ള എല്ലാ സഭയിലും ഞാൻ ഉപദേശിക്കുന്നതുപോലെ, അവൻ ക്രിസ്തുവിലുള്ള എന്റെ വഴികളെക്കുറിച്ച് നിങ്ങളെ ഓർമപ്പെടുത്തും. |
| 1 കൊരി. 7:17 | എങ്കിലും കർത്താവ് ഓരോരുത്തനും പകുത്തു നൽകിയതുപോലെ, ദൈവം ഓരോരുത്തനെ വിളിച്ചിരിക്കുന്നതുപോലെ തന്നെ അവൻ നടക്കട്ടെ. അങ്ങനെയാകുന്നു എല്ലാ സഭകളിലും ഞാൻ നിർദേശിക്കുന്നത്. |
| 1 കൊരി. 11:16 | എന്നാൽ ആരെങ്കിലും തർക്കിക്കുവാൻ ഭാവിക്കുന്നെങ്കിൽ, ഞങ്ങൾക്ക് അങ്ങനെയുള്ള പതിവില്ല, ദൈവസഭകൾക്കും ഇല്ല. |
| 1 കൊരി. 14:33 | ദൈവം കലക്കത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമത്രേ. വിശുദ്ധന്മാരുടെ സകല സഭകളിലും എന്നപോലെ, |
| 1 കൊരി. 14:34 | സ്ത്രീകൾ സഭകളിൽ നിശ്ശബ്ദരായിരിക്കണം, അവരെ സംസാരിക്കുവാൻ അനുവദിച്ചിട്ടില്ലല്ലോ; ന്യായപ്രമാണവും പറയുന്നതുപോലെ അവർ കീഴ്പ്പെട്ടിരിക്കണം. |
| മത്താ. 28:19 | ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിക്കൊണ്ടും, |
| മത്താ. 28:20 | ഞാൻ നിങ്ങളോടു കൽപ്പിച്ചതൊക്കെയും പ്രമാണിക്കുവാൻ അവരെ ഉപദേശിച്ചുകൊണ്ടും, സകല ജാതികളെയും ശിഷ്യരാക്കുവിൻ, ഇതാ, ഞാൻ യുഗത്തിന്റെ പരിണതിയോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട്. |

C. അപ്പൊസ്തലന്മാരുടെ ഉപദേശം ഒരുമനസ്സിന്റെ നിർണ്ണായകഘടകമാണ്—പ്രവൃ. 2:42, 46.

| | |
|---|---|
| പ്രവൃ. 2:42 | അവർ അപ്പൊസ്തലന്മാരുടെ ഉപദേശത്തിലും കൂട്ടായ്മയിലും, അപ്പം നുറുക്കലിലും പ്രാർഥനകളിലും ദൃഢചിത്തരായി തുടർന്നുകൊണ്ടിരുന്നു. |

പ്രവൃ. 2:46 അവർ ദിനംപ്രതി ഒരുമനസ്സോടെ ദൃഢചിത്തരായി ദൈവാലയത്തിൽ തുടർന്നും, ഭവനംതോറും അപ്പം നുറുക്കിയും, ഉല്ലാസത്തോടും ഹൃദയലാളിത്യത്തോടുംകൂടെ തങ്ങളുടെ ഭക്ഷണത്തിൽ പങ്കുകൊള്ളുകയും,

**IV. ഒരുമനസ്സ് അനുഷ്ഠിക്കുന്നതിൽ നാം ഏക ദേഹിയോടുകൂടെ ഏകാത്മാവിൽ ആയിരിക്കേണ്ടതാവശ്യമാണ്—ഫിലി. 1:27; 2:2, 5; 4:2:**

ഫിലി. 1:27 ഞാൻ വന്ന് നിങ്ങളെ കണ്ടിട്ടോ അസന്നിഹിതനായിരുന്നിട്ടോ, നിങ്ങൾ ഏക ആത്മാവിൽ, ഏക ദേഹിയോടെ സുവിശേഷത്തിന്റെ വിശ്വാസത്തോട് ചേർന്ന് ഒന്നിച്ച് പരിശ്രമിച്ചുകൊണ്ട് എതിരാളികളാൽ ഒന്നിലും ഭയപ്പെടാതെ ഉറച്ചുനിൽക്കുന്നു എന്ന് നിങ്ങളെക്കുറിച്ച് കേൾക്കേണ്ടതിന്, ക്രിസ്തുവിന്റെ സുവിശേഷത്തിന് യോഗ്യമാംവണ്ണം നടക്കുക മാത്രം ചെയ്യുക;

ഫിലി. 2:2 നിങ്ങൾ ഒരേ കാര്യം ചിന്തിച്ച്, ഒരേ സ്നേഹം ഉള്ളവരായി, ദേഹിയിൽ ചേർന്ന്, ഒരു കാര്യം ചിന്തിച്ചുകൊണ്ട്,

ഫിലി. 2:5 ക്രിസ്തു യേശുവിലുള്ള അതേ മനസ്സ് നിങ്ങളിലും ഉണ്ടായിരിക്കട്ടെ,

ഫിലി. 4:2 കർത്താവിൽ ഒരേ കാര്യം ചിന്തിക്കുവാൻ യുവൊദ്യയെയും സുന്തുകയെയും ഞാൻ പ്രബോധിപ്പിക്കുന്നു.

A. നാം ഒരേ മനസ്സിലും ഒരേ അഭിപ്രായത്തിലും പൊരുത്തപ്പെട്ടിരിക്കണം; ഇത് നമ്മുടെ ദേഹിയിൽ ഒന്നായിരിക്കുന്നതാണ്—1 കൊരി. 1:10; ഫിലി. 1:27; 2:2, 5; 4:2.

1 കൊരി. 1:10 സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒരേ കാര്യം സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ വിഭാഗങ്ങൾ ഇല്ലാതെ, ഒരേ മനസ്സിലും ഒരേ അഭിപ്രായത്തിലും പൊരുത്തപ്പെടണം എന്ന് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമം മുഖാന്തരം ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു.

ഫിലി. 1:27 ഞാൻ വന്ന് നിങ്ങളെ കണ്ടിട്ടോ അസന്നിഹിതനായിരുന്നിട്ടോ, നിങ്ങൾ ഏക ആത്മാവിൽ, ഏക ദേഹിയോടെ സുവിശേഷത്തിന്റെ വിശ്വാസത്തോട് ചേർന്ന് ഒന്നിച്ച് പരിശ്രമിച്ചുകൊണ്ട് എതിരാളികളാൽ ഒന്നിലും ഭയപ്പെടാതെ ഉറച്ചുനിൽക്കുന്നു എന്ന് നിങ്ങളെക്കുറിച്ച് കേൾക്കേണ്ടതിന്, ക്രിസ്തുവിന്റെ സുവിശേഷത്തിന് യോഗ്യമാംവണ്ണം നടക്കുക മാത്രം ചെയ്യുക;

ഫിലി. 2:2 നിങ്ങൾ ഒരേ കാര്യം ചിന്തിച്ച്, ഒരേ സ്നേഹം ഉള്ളവരായി, ദേഹിയിൽ ചേർന്ന്, ഒരു കാര്യം ചിന്തിച്ചുകൊണ്ട്,

ഫിലി. 2:5 ക്രിസ്തു യേശുവിലുള്ള അതേ മനസ്സ് നിങ്ങളിലും ഉണ്ടായിരിക്കട്ടെ,

ഫിലി. 4:2 കർത്താവിൽ ഒരേ കാര്യം ചിന്തിക്കുവാൻ യുവൊദ്യയെയും സുന്തുകയെയും ഞാൻ പ്രബോധിപ്പിക്കുന്നു.

B. ഒരുമനസ്സിലായിരിക്കുന്നത് നമ്മുടെ മുഴുവൻ ആളത്തത്തിൽ ഒന്നായിരിക്കുന്നതാണ്; ഇത് നമ്മുടെ ബാഹ്യമായ സംസാരത്തിൽ ഒന്നായിരിക്കുന്നതിൽ പരിണമിക്കുന്നു—റോമ. 15:5-6:

റോമ. 15:5 സഹിഷ്ണുതയുടെയും പ്രോത്സാഹനത്തിന്റെയും ദൈവം, നിങ്ങൾക്ക് ക്രിസ്തു യേശുവിനൊത്തവണ്ണം തമ്മിൽ ഒരേ മനസ്സുള്ളവരായിരിക്കുവാൻ നൽകുമാറാകട്ടെ,

റോമ. 15:6 അത് നിങ്ങൾ ഒരു മനസ്സോടെ ഒരു വായ് കൊണ്ട് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവും ആയവനെ മഹത്വപ്പെടുത്തേണ്ടതിന് തന്നെ.

1. ഒരു മനസ്സും ഒരു വായും ഉണ്ടായിരിക്കുകയെന്നാൽ നമുക്ക് ക്രിസ്തു എന്ന ഒരു തല മാത്രമേയുള്ളൂ എന്നാണ് അർഥമാക്കുന്നത്; നാം ക്രിസ്തുവിന്റെ മനസ്സോടുകൂടെ ചിന്തിക്കുകയും തലയുടെ വായോടുകൂടെ സംസാരിക്കുകയും വേണം—കൊലൊ. 1:18; ഫിലി. 2:2, 5; 4:2.

   കൊലൊ. 1:18 അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു;...

   ഫിലി. 2:2 നിങ്ങൾ ഒരേ കാര്യം ചിന്തിച്ച്, ഒരേ സ്നേഹം ഉള്ളവരായി, ദേഹിയിൽ ചേർന്ന്, ഒരു കാര്യം ചിന്തിച്ചുകൊണ്ട്,

   ഫിലി. 2:5 ക്രിസ്തു യേശുവിലുള്ള അതേ മനസ്സ് നിങ്ങളിലും ഉണ്ടായിരിക്കട്ടെ,

   ഫിലി. 4:2 കർത്താവിൽ ഒരേ കാര്യം ചിന്തിക്കുവാൻ യുവൊദ്യയെയും സുന്തുകയെയും ഞാൻ പ്രബോധിപ്പിക്കുന്നു..

2. നാം ഒരുമനസ്സിലായിരിക്കുമ്പോഴെല്ലാം, നാം ഒരു വായോടുകൂടെ സംസാരിക്കുന്നു—റോമ. 15:6.

   റോമ. 15:6 അത് നിങ്ങൾ ഒരു മനസ്സോടെ ഒരു വായ് കൊണ്ട് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവും ആയവനെ മഹത്വപ്പെടുത്തേണ്ടതിന് തന്നെ.

3. *ഒരുമനസ്സോടു*കൂടെയും *ഒരു വായോടു*കൂടെയും എന്നതർഥമാക്കുന്നത് നാം പലരായിരിക്കുകയും, എല്ലാവരും സംസാരിക്കുകയും ചെയ്യുന്നെങ്കിലും നാമെല്ലാവരും "ഒരേ കാര്യം സംസാരിക്കുന്നു" എന്നാണ്—1 കൊരി. 1:10.

   1 കൊരി. 1:10 സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒരേ കാര്യം സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ വിഭാഗങ്ങൾ ഇല്ലാതെ, ഒരേ മനസ്സിലും ഒരേ അഭിപ്രായത്തിലും

പൊരുത്തപ്പെടണം എന്ന് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമം മുഖാന്തരം ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു.

4. ഒരുമനസ്സോടും ഒരു വായോടുംകൂടെ ആയിരിക്കാനുള്ള ഏക മാർഗം, ദൈവം മഹത്വപ്പെടത്തക്കവണ്ണം നമ്മുടെ ഹൃദയത്തിലും നമ്മുടെ വായിലും നമ്മുടെ സകലവുമായിരിക്കുവാൻ ക്രിസ്തുവിന് ഇടം നൽകുക എന്നതാണ്—എഫെ. 3:17, 21.

എഫെ. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും,...

എഫെ. 3:21 സഭയിലും ക്രിസ്തു യേശുവിലും എല്ലാ തലമുറകളോളം എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ..

## V. ഒരുമനസ്സിലായിരിക്കുന്നതിന് നമുക്ക് ഒരു ഹൃദയവും ഒരു വഴിയും ഉണ്ടായിരിക്കണം—യിരെ. 32:39; പ്രവൃ. 1:14; 2:46; 4:24:

യിരെ. 32:39 അവർക്കും അവരുടെ ശേഷം അവരുടെ മക്കൾക്കും ഗുണംവരത്തക്കവണ്ണം അവർ എന്നെ എന്നേക്കും ഭയപ്പെടേണ്ടതിന്നു ഞാൻ അവർക്കു ഏകമനസ്സും ഏകമാർഗ്ഗവും കൊടുക്കും.

പ്രവൃ. 1:14 ഇവർ എല്ലാവരും, സ്ത്രീകളോടും യേശുവിന്റെ അമ്മ മറിയയോടും, അവന്റെ സഹോദരന്മാരോടും കൂടെ, ഒരുമനസ്സോടെ ദൃഢചിത്തരായി പ്രാർഥനയിൽ തുടർന്നു.

പ്രവൃ. 2:46 അവർ ദിനംപ്രതി ഒരുമനസ്സോടെ ദൃഢചിത്തരായി ദൈവാലയത്തിൽ തുടർന്നും, ഭവനംതോറും അപ്പം നുറുക്കിയും, ഉല്ലാസത്തോടും ഹൃദയലാളിത്യത്തോടുംകൂടെ തങ്ങളുടെ ഭക്ഷണത്തിൽ പങ്കുകൊള്ളുകയും,

പ്രവൃ. 4:24 അവർ ഇത് കേട്ടപ്പോൾ, ഒരുമനസ്സോടെ ദൈവത്തോട് തങ്ങളുടെ ശബ്ദം ഉയർത്തി പറഞ്ഞു, സർവാധികാരിയായ യജമാനനേ, ആകാശത്തെയും ഭൂമിയെയും സമുദ്രത്തെയും അവയിലുള്ള സകലത്തെയും ഉണ്ടാക്കിയവൻ നീ ആകുന്നു,

A. നാം ദൈവത്തിന്റെ ആവിഷ്കരാമാകത്തക്കവണ്ണം ദൈവത്തെ സ്നേഹിക്കുവാനും, ദൈവത്തെ അന്വേഷിക്കുവാനും, ദൈവത്തെ ജീവിക്കുവാനും, ദൈവത്താൽ സംരചിക്കപ്പെടുവാനും വിശ്വാസികൾക്ക് ഏകഹൃദയവും, ദിവ്യ പ്രാപ്തിയോടുകൂടിയ ജീവന്റെ ആന്തരിക പ്രമാണമെന്ന നിലയിൽ ത്രിയേകദൈവം എന്ന ഏക വഴിയും ഉണ്ടായിരിക്കണം—മർക്കൊ. 12:30; 2 കൊരി. 13:14; എഫെ. 3:16-17; യിരെ. 31:33-34; യോഹ. 14:6.

മർക്കൊ. 12:30 നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ ഹൃദയത്തിൽനിന്നും, നിന്റെ പൂർണ ദേഹിയിൽനിന്നും, നിന്റെ പൂർണ മനസ്സിൽനിന്നും, നിന്റെ പൂർണ ശക്തിയിൽനിന്നും, നീ സ്നേഹിക്കേണം.”

2 കൊരി. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

എഫെ. 3:16 അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും,

എഫെ. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്,

യിരെ. 31:33 എന്നാൽ ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽഗൃഹത്തോടു ചെയ്‌വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു: ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും എന്നു യഹോവയുടെ അരുളപ്പാടു.

യിരെ. 31:34 ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും യഹോവയെ അറിക എന്നു ഉപദേശിക്കയില്ല; അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും; ഞാൻ അവരുടെ അകൃത്യം മോചിക്കും; അവരുടെ പാപം ഇനി ഓർക്കയും ഇല്ല എന്നു യഹോവയുടെ അരുളപ്പാടു.

യോഹ. 14:6 യേശു അവനോട്, വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു...

B. ക്രിസ്തു അല്ലാത്ത ചിലതിനുവേണ്ടി ഒരു ഹൃദയം ഉണ്ടായിരിക്കുകയും ക്രിസ്തു അല്ലാത്ത ഒരു വഴി എടുക്കുകയും ചെയ്യുന്നതിൽനിന്നും ഭിന്നതകൾ ഉണ്ടാകുന്നു—1 കൊരി. 1:13; 2:2; കൊലൊ. 2:8; പ്രവൃ. 15:35-40.

1 കൊരി. 1:13 ക്രിസ്തു വിഭാഗിക്കപ്പെട്ടുവോ? പൗലൊസ് നിങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടുവോ? അല്ലെങ്കിൽ പൗലൊസിന്റെ നാമത്തിലേക്കോ നിങ്ങൾ സ്നാനമേറ്റത്?

1 കൊരി. 2:2 യേശു ക്രിസ്തുവിനെയും, ക്രൂശിക്കപ്പെട്ട ഇവനെയും അല്ലാതെ നിങ്ങളുടെ ഇടയിൽ യാതൊന്നും അറിയുവാൻ ഞാൻ നിർണയിച്ചില്ല.

കൊലൊ. 2:8 ആരും തന്റെ തത്ത്വജ്ഞാനവും വെറും വഞ്ചനയും മുഖാന്തരം നിങ്ങളെ കൊള്ളയായി എടുത്തുകൊണ്ടുപോകാതിരിക്കുവാൻ സൂക്ഷിക്കുവിൻ, അത് മനുഷ്യരുടെ പാരമ്പര്യത്തിനൊത്തവണ്ണം, ലോകത്തിന്റെ ആദ്യപാഠങ്ങൾക്കൊത്തവണ്ണം അല്ലാതെ

ക്രിസ്തുവിനൊത്തവണ്ണമല്ല;

പ്രവൃ. 15:35 പൗലൊസും ബർന്നബാസും, മറ്റനേകരോടുകൂടെ കർത്താവിന്റെ വചനം സുവിശേഷമായി ഉപദേശിച്ചും അറിയിച്ചുംകൊണ്ട് അന്ത്യൊക്യയിൽ താമസിച്ചു.

പ്രവൃ. 15:36 അങ്ങനെ ചില ദിവസങ്ങൾക്കു ശേഷം പൗലൊസ് ബർന്നബാസിനോട്, നാം കർത്താവിന്റെ വചനം അറിയിച്ച എല്ലാ പട്ടണങ്ങളിലേക്കും ഇപ്പോൾ മടങ്ങിപ്പോയി സഹോദരന്മാരെ സന്ദർശിച്ച്, അവർ എങ്ങനെയിരിക്കുന്നു എന്നു നോക്കാം എന്നു പറഞ്ഞു.

പ്രവൃ. 15:37 മർക്കൊസ് എന്നു വിളിക്കപ്പെട്ട യോഹന്നാനെയും അവരോടൊപ്പം കൊണ്ടുപോകുവാൻ ബർന്നബാസ് ഇച്ഛിച്ചു;

പ്രവൃ. 15:38 എന്നാൽ പംഫുല്യയിൽ നിന്ന് അവരോടുകൂടെ വേലയ്ക്കു പോകാതെ അവരിൽ നിന്ന് പിൻവാങ്ങിപ്പോയവനെ അവരോടൊപ്പം കൂട്ടുന്നത് പൗലൊസ് യോഗ്യമായി കരുതിയില്ല.

പ്രവൃ. 15:39 അവർ തമ്മിൽ വേർപിരിയുവാൻ തക്കവണ്ണം ഒരു ഉഗ്രവാദം ഉണ്ടായി; ബർന്നബാസ് മർക്കൊസിനെ കൂടെക്കൂട്ടി കുപ്രൊസിലേക്ക് കപ്പൽ കയറി.

പ്രവൃ. 15:40 എന്നാൽ പൗലൊസ് ശീലാസിനെ തിരഞ്ഞെടുത്ത്, സഹോദരന്മാരാൽ കർത്താവിന്റെ കൃപയ്ക്ക് ഭരമേൽപ്പിച്ചിട്ട് പുറപ്പെട്ടുപോയി.

**VI. നമുക്ക് ഒരുമനസ്സുണ്ടായിരിക്കണമെങ്കിൽ, സഭാജീവിതത്തിൽ നമുക്ക് ഒരു "തുലാസ്" മാത്രമേ ഉണ്ടായിരിക്കുവാൻ പാടുള്ളൂ—ആവ. 25:13-16:**

ആവ. 25:13 നിന്റെ സഞ്ചിയിൽ തൂക്കം ഏറിയതും കുറഞ്ഞതുമായ രണ്ടുതരം പടി ഉണ്ടാകരുതു.

ആവ. 25:14 നിന്റെ വീട്ടിൽ മുറുക്കവും ഇളപ്പവുമായ രണ്ടുതരം പറയും ഉണ്ടാകരുതു.

ആവ. 25:15 നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നീ ദീർഘായുസ്സോടിരിക്കേണ്ടതിന്നു നിന്റെ പടി ഒത്തതും ന്യായമായതുമായിരിക്കേണം; അങ്ങനെ തന്നേ നിന്റെ പറയും ഒത്തതും ന്യായമായതുമായിരിക്കേണം.

ആവ. 25:16 ഈ വകയിൽ അന്യായം ചെയ്യുന്നവനൊക്കെയും നിന്റെ ദൈവമായ യഹോവെക്കു വെറുപ്പു ആകുന്നു.

A. നമ്മിലുള്ള ഒരു കാര്യത്തെ ന്യായീകരിക്കുകയും മറ്റുള്ളവരിൽ അതേ കാര്യത്തെ കുറ്റംവിധിക്കുകയും ചെയ്യുമ്പോൾ അത് സൂചിപ്പിക്കുന്നത് നമുക്ക് വ്യത്യസ്ത തൂക്കങ്ങളും അളവുകളും, അതായത് വ്യത്യസ്ത

തുലാസുകൾ—മറ്റുള്ളവരെ അളക്കുന്നതിന് ഒരു തുലാസും നമ്മെത്തന്നെ അളക്കുന്നതിന് വ്യത്യസ്ത തുലാസും—ഉണ്ടെന്നാണ്.

B. വ്യത്യസ്ത തുലാസുകൾ ഉണ്ടായിരിക്കുന്ന അനുഷ്ഠാനം ഭിന്നതയുടെ ഉറവിടമാണ്, എന്നാൽ നമുക്ക് ഒരു തുലാസ് മാത്രമേ ഉള്ളൂവെങ്കിൽ, സഭയിൽ നാം ഒരുമയും ഒരുമനസ്സും കാത്തുസൂക്ഷിക്കും—എഫെ. 4:1-3; മത്താ. 7:1-5.

എഫെ. 4:1 ആകയാൽ കർത്താവിൽ തടവുകാരനായ ഞാൻ, നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമായി നടക്കുവാൻ നിങ്ങളോട് അപേക്ഷിക്കുന്നു,

എഫെ. 4:2 സകല താഴ്മയോടും സൗമ്യതയോടും ദീർഘക്ഷമയോടുംകൂടെ, അന്യോന്യം സ്നേഹത്തിൽ വഹിച്ചുകൊണ്ട്,

എഫെ. 4:3 ആത്മാവിന്റെ ഒരുമ സമാധാനത്തിന്റെ ഏകീകരണ ബന്ധത്തിൽ കാക്കുവാൻ ശുഷ്കാന്തിയുള്ളവരായിരുന്നുകൊണ്ട് തന്നെ:

മത്താ. 7:1 നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന് വിധിക്കരുത്.

മത്താ. 7:2 നിങ്ങൾ വിധിക്കുന്ന വിധിയാൽ, നിങ്ങൾ വിധിക്കപ്പെടുകയും, നിങ്ങൾ അളക്കുന്ന അളവിനാൽ, നിങ്ങൾക്ക് അളക്കപ്പെടുകയും ചെയ്യും.

മത്താ. 7:3 നീ സഹോദരന്റെ കണ്ണിലെ കരട് നോക്കുകയും, എന്നാൽ നിന്റെ കണ്ണിലെ കോൽ കരുതാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്?

മത്താ. 7:4 അല്ലെങ്കിൽ ഇതാ, നിന്റെ കണ്ണിൽ കോൽ ഇരിക്കുമ്പോൾ, നിന്റെ സഹോദരനോട്, നിന്റെ കണ്ണിൽനിന്നു ഞാൻ കരട് എടുത്തുകളയട്ടെ എന്ന് എങ്ങനെ പറയും?

മത്താ. 7:5 കപടഭക്തിക്കാരാ, ആദ്യം നിന്റെ കണ്ണിൽനിന്നു കോൽ എടുത്തു കളയുക, അപ്പോൾ നിന്റെ സഹോദരന്റെ കണ്ണിൽനിന്നു കരട് എടുത്തു കളയുവാൻ നീ വ്യക്തമായി കാണും..

**VII. നമുക്ക് ഏക, സർവവും-ഉൾക്കൊള്ളുന്ന ദർശനം—ഈ യുഗത്തിന്റെ ദർശനം—ഉള്ളതുകൊണ്ട് ഇന്ന് നമുക്ക് ഒരുമനസ്സിലായിരിക്കുവാൻ കഴിയും—സദൃ. 29:18; പ്രവൃ. 26:19:**

സദൃ. 29:18 വെളിപ്പാടു ഇല്ലാത്തെടത്തു ജനം മര്യാദവിട്ടു നടക്കുന്നു;..

പ്രവൃ. 26:19 അതുകൊണ്ട് അഗ്രിപ്പാ രാജാവേ, ഞാൻ സ്വർഗീയ ദർശനത്തോട് അനുസരണക്കേടുള്ളവൻ ആയിരുന്നില്ല.,

A. അനേകർ ദൈവത്തെ സ്നേഹിക്കുകയും അവനെ സേവിക്കുകയും ചെയ്യുന്നു, എന്നാൽ ഓരോരുത്തർക്കും അവരവരുടെ ദർശനമുണ്ട്; തൽഫലമായി, ഒരുമനസ്സുണ്ടായിരിക്കുവാൻ ഒരു വഴിയുമില്ല.

B. ഒരു ചെറിയ കാര്യത്തിൽ നമുക്ക് വ്യത്യസ്ത ദർശനങ്ങൾ ഉള്ളിടത്തോളം, നമുക്ക് ഒരുമനസ്സുണ്ടായിരിക്കുവാൻ കഴിയുകയില്ല—ഫിലി. 3:15.

ഫിലി. 3:15 അതുകൊണ്ട് നമ്മിൽ പൂർണവളർച്ച എത്തിയവർക്കൊക്കെയും ഈ മനസ്സുണ്ടായിരിക്കട്ടെ; വല്ലതിലും നിങ്ങൾ വ്യത്യസ്ത മനസ്സുള്ളവരാണെങ്കിൽ, അതും ദൈവം നിങ്ങൾക്ക് വെളിപ്പെടുത്തിത്തരും.

C. കർത്താവ് തന്റെ പ്രത്യുദ്ധാരത്തിനു നൽകിയിരിക്കുന്ന ദർശനം സർവവും-ഉൾക്കൊള്ളുന്ന ഒരു ദർശനമാണ്—വേദപുസ്തകത്തിലെ എല്ലാ ദർശനങ്ങളുടെയും ആത്യന്തിക പരിണതിയാണ്—വെളി. 21:2, 10-11.

വെളി. 21:2 പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു.

വെളി. 21:10 അവൻ എന്നെ ആത്മാവിൽ വലുതും ഉയർന്നതുമായ ഒരു മലമേൽ എടുത്തുകൊണ്ടുപോയി, യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ പക്കൽനിന്ന്, ദൈവ തേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു.

വെളി. 21:11 അവളുടെ വെളിച്ചം ഏറ്റവും വിലയേറിയ കല്ലുപോലെ, സ്ഫടിക സ്വച്ഛമായ സൂര്യകാന്തം പോലെ ആയിരുന്നു.

**VIII കർത്താവിന്റെ തൽസമയ നീക്കത്തിന്, എല്ലാ സഭകളും ഒരുമനസ്സിൽ ആയിരിക്കേണ്ടതാശ്യമാണ്; നാമെല്ലാവരും ഒരേ കാര്യം ശബ്ദിക്കുകയും, ഒരേ കാര്യം കാഹളം മുഴക്കുകയും, ഒരേ കാര്യം ഉപദേശിക്കുകയും, അനുഷ്ഠാനത്തിൽ ഒരുപോലെയായിരിക്കുകയും വേണം—യോശു. 1:16-18; 6:1-16; പ്രവൃ. 2:42; 4:24, 32; 1 കൊരി. 4:17; 7:17; 11:16; 14:33-34; 1 തിമൊ. 1:3-4; 6:3.**

യോശു. 1:16 അവർ യോശുവയോടു: നീ ഞങ്ങളോടു കല്പിക്കുന്നതൊക്കെയും ഞങ്ങൾ ചെയ്യും; ഞങ്ങളെ അയക്കുന്നേടത്തൊക്കെയും ഞങ്ങൾ പോകും.

യോശു. 1:17 ഞങ്ങൾ മോശെയെ സകലത്തിലും അനുസരിച്ചതുപോലെ നിന്നെയും അനുസരിക്കും; നിന്റെ ദൈവമായ യഹോവ മോശെയോടുകൂടെ ഇരുന്നതുപോലെ നിന്നോടുകൂടെയും ഇരുന്നാൽ മതി.

യോശു. 1:18 ആരെങ്കിലും നിന്റെ കല്പന മറുക്കയും നീ കല്പിക്കുന്ന യാതൊന്നിലും

നിന്റെ വാക്കു അനുസരിക്കാതിരിക്കയും ചെയ്താൽ അവൻ മരിക്കേണം; ഉറപ്പും ധൈര്യവുമുള്ളവനായി മാത്രം ഇരുന്നാലും എന്നു ഉത്തരം പറഞ്ഞു.

യോശു. 6:1 എന്നാൽ യെരീഹോവിനെ യിസ്രായേൽമക്കളുടെ നിമിത്തം അടച്ചു ഉറപ്പാക്കിയിരുന്നു; ആരും പുറത്തിറങ്ങിയില്ല, അകത്തു കയറിയതുമില്ല.

യോശു. 6:2 യഹോവ യോശുവയോടു കല്പിച്ചതു: ഞാൻ യെരീഹോവിനെയും അതിന്റെ രാജാവിനെയും യുദ്ധവീരന്മാരെയും നിന്റെ കയ്യിൽ ഏല്പിച്ചിരിക്കുന്നു.

യോശു. 6:3 നിങ്ങളിൽ യോദ്ധാക്കളായ എല്ലാവരും ഒരുവട്ടം പട്ടണത്തെ ചുറ്റിനടക്കേണം; ഇങ്ങനെ ആറു ദിവസം ചെയ്യേണം.

യോശു. 6:4 ഏഴു പുരോഹിതന്മാർ ആട്ടിൻകൊമ്പുകൊണ്ടുള്ള ഏഴു കാഹളം പിടിച്ചുകൊണ്ടു പെട്ടകത്തിന്റെ മുമ്പിൽ നടക്കേണം; ഏഴാം ദിവസം ഏഴു പ്രാവശ്യം പട്ടണത്തെ ചുറ്റുകയും പുരോഹിതന്മാർ കാഹളം ഊതുകയും വേണം.

യോശു. 6:5 അവർ ആട്ടിൻകൊമ്പു നീട്ടിയൂതുകയും നിങ്ങൾ കാഹളനാദം കേൾക്കയും ചെയ്യുമ്പോൾ ജനമൊക്കെയും ഉച്ചത്തിൽ ആർപ്പിടേണം; അപ്പോൾ പട്ടണമതിൽ വീഴും; ജനം ഓരോരുത്തൻ നേരെ കയറുകയും വേണം.

യോശു. 6:6 നൂന്റെ മകനായ യോശുവ പുരോഹിതന്മാരെ വിളിച്ചു അവരോടു: നിയമപെട്ടകം എടുപ്പിൻ; ഏഴു പുരോഹിതന്മാർ യഹോവയുടെ പെട്ടകത്തിന്നു മുമ്പിൽ ആട്ടിൻകൊമ്പുകൊണ്ടുള്ള ഏഴു കാഹളം പിടിച്ചുകൊണ്ടു നടക്കേണം എന്നു പറഞ്ഞു.

യോശു. 6:7 ജനത്തോടു അവൻ: നിങ്ങൾ ചെന്നു പട്ടണത്തെ ചുറ്റിനടപ്പിൻ; ആയുധപാണികൾ യഹോവയുടെ പെട്ടകത്തിന്റെ മുമ്പിൽ നടക്കേണം എന്നു പറഞ്ഞു.

യോശു. 6:8 യോശുവ ജനത്തോടു പറഞ്ഞുതീർന്നപ്പോൾ ആട്ടിൻകൊമ്പുകൊണ്ടുള്ള ഏഴു കാഹളം പിടിച്ചുകൊണ്ടു ഏഴു പുരോഹിതന്മാർ യഹോവയുടെ മുമ്പിൽ നടന്നു കാഹളം ഊതി; യഹോവയുടെ നിയമപ്പെട്ടകം അവരുടെ പിന്നാലെ ചെന്നു.

യോശു. 6:9 ആയുധപാണികൾ കാഹളം ഊതുന്ന പുരോഹിതന്മാരുടെ മുമ്പിൽ നടന്നു; ശേഷമുള്ള കൂട്ടം പെട്ടകത്തിന്റെ പിന്നാലെ ചെന്നു; ഇങ്ങനെ അവർ കാഹളം ഊതിക്കൊണ്ടു നടന്നു.

യോശു. 6:10 യോശുവ ജനത്തോടു: ആർപ്പിടുവിൻ എന്നു ഞാൻ നിങ്ങളോടു കല്പിക്കുന്ന നാൾവരെ നിങ്ങൾ ആർപ്പിടരുതു; ഒച്ചകേൾപ്പിക്കരുതു; വായിൽനിന്നു ഒരു വാക്കും പുറപ്പെടുകയും അരുതു; അതിന്റെശേഷം ആർപ്പിടാം എന്നു കല്പിച്ചു.

യോശു. 6:11 അങ്ങനെ യഹോവയുടെ പെട്ടകം ഒരു പ്രാവശ്യം പട്ടണത്തെ ചുറ്റിനടന്നു; പിന്നെ അവർ പാളയത്തിലേക്കു വന്നു പാളയത്തിൽ പാർത്തു.

യോശു. 6:12 യോശുവ അതികാലത്തേ എഴുന്നേറ്റു; പുരോഹിതന്മാർ യഹോവയുടെ പെട്ടകം എടുത്തു.

യോശു. 6:13 ഏഴു പുരോഹിതന്മാർ യഹോവയുടെ പെട്ടകത്തിന്റെ മുമ്പിൽ ആട്ടിൻകൊമ്പുകൊണ്ടുള്ള ഏഴു കാഹളം പിടിച്ചു കാഹളം ഊതിക്കൊണ്ടു നടന്നു; ആയുധപാണികൾ അവരുടെ മുമ്പിൽ നടന്നു; ശേഷമുള്ള കൂട്ടം യഹോവയുടെ പെട്ടകത്തിന്റെ പിന്നാലെ നടന്നു; ഇങ്ങനെ അവർ കാഹളം ഊതിക്കൊണ്ടു നടന്നു.

യോശു. 6:14 രണ്ടാം ദിവസവും അവർ പട്ടണത്തെ ഒരു പ്രാവശ്യം ചുറ്റീട്ടു പാളയത്തിലേക്കു മടങ്ങിപ്പോന്നു. ഇങ്ങനെ അവർ ആറു ദിവസം ചെയ്തു;

യോശു. 6:15 ഏഴാം ദിവസമോ അവർ അതികാലത്തു അരുണോദയത്തിങ്കൽ എഴുന്നേറ്റു പട്ടണത്തെ ആ വിധത്തിൽ തന്നേ ഏഴുപ്രാവശ്യംചുറ്റി; അന്നുമാത്രം അവർ പട്ടണത്തെ ഏഴു പ്രാവശ്യം ചുറ്റി.

യോശു. 6:16 ഏഴാംപ്രാവശ്യം പുരോഹിതന്മാർ കാഹളം ഊതിയപ്പോൾ യോശുവ ജനത്തോടു പറഞ്ഞതെന്തെന്നാൽ: ആർപ്പിടുവിൻ; യഹോവ പട്ടണം നിങ്ങൾക്കു തന്നിരിക്കുന്നു.

പ്രവൃ. 2:42 അവർ അപ്പൊസ്തലന്മാരുടെ ഉപദേശത്തിലും കൂട്ടായ്മയിലും, അപ്പം നുറുക്കലിലും പ്രാർഥനകളിലും ദൃഢചിത്തരായി തുടർന്നുകൊണ്ടിരുന്നു.

പ്രവൃ. 4:24 അവർ ഇത് കേട്ടപ്പോൾ, ഒരുമനസ്സോടെ ദൈവത്തോട് തങ്ങളുടെ ശബ്ദം ഉയർത്തി പറഞ്ഞു, സർവാധികാരിയായ യജമാനനേ, ആകാശത്തെയും ഭൂമിയെയും സമുദ്രത്തെയും അവയിലുള്ള സകലത്തെയും ഉണ്ടാക്കിയവൻ നീ ആകുന്നു,

പ്രവൃ. 4:32 വിശ്വസിച്ച പുരുഷാരത്തിന്റെ ഹൃദയവും ദേഹിയും ഒന്നായിരുന്നു; തന്റെ വസ്തുവകകൾ തന്റെ സ്വന്തം എന്ന് ഒരുത്തൻ പോലും പറഞ്ഞില്ല, അവർക്ക് എല്ലാം പൊതുവക ആയിരുന്നു.

1 കൊരി. 4:17 ഇതു നിമിത്തം ഞാൻ കർത്താവിൽ എന്റെ പ്രിയനും വിശ്വസ്തനുമായ മകൻ തിമൊഥെയൊസിനെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു, എല്ലായിടത്തുമുള്ള എല്ലാ സഭയിലും ഞാൻ ഉപദേശിക്കുന്നതുപോലെ, അവൻ ക്രിസ്തുവിലുള്ള എന്റെ വഴികളെക്കുറിച്ച് നിങ്ങളെ ഓർമപ്പെടുത്തും.

1 കൊരി. 7:17 എങ്കിലും കർത്താവ് ഓരോരുത്തനും പകുത്തു നൽകിയതുപോലെ, ദൈവം ഓരോരുത്തനെ വിളിച്ചിരിക്കുന്നതുപോലെ തന്നെ അവൻ നടക്കട്ടെ. അങ്ങനെയാകുന്നു എല്ലാ സഭകളിലും ഞാൻ

നിർദേശിക്കുന്നത്.

1 കൊരി. 11:16 എന്നാൽ ആരെങ്കിലും തർക്കിക്കുവാൻ ഭാവിക്കുന്നെങ്കിൽ, ഞങ്ങൾക്ക് അങ്ങനെയുള്ള പതിവില്ല, ദൈവസഭകൾക്കും ഇല്ല.

1 കൊരി. 14:33 ദൈവം കലക്കത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമത്രേ. വിശുദ്ധന്മാരുടെ സകല സഭകളിലും എന്നപോലെ,

1 കൊരി. 14:34 സ്ത്രീകൾ സഭകളിൽ നിശ്ശബ്ദരായിരിക്കണം, അവരെ സംസാരിക്കുവാൻ അനുവദിച്ചിട്ടില്ലല്ലോ; ന്യായപ്രമാണവും പറയുന്നതുപോലെ അവർ കീഴ്പ്പെട്ടിരിക്കണം.

1 തിമൊ. 1:3 ഞാൻ മക്കെദോന്യയിലേക്കു പോകുമ്പോൾ ചിലരോട് വ്യത്യസ്ത കാര്യങ്ങൾ ഉപദേശിക്കരുതെന്നും,

1 തിമൊ. 1:4 വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ ചോദ്യംചെയ്യലുകൾ ഉളവാക്കുന്ന കെട്ടുകഥകൾക്കും അന്തമില്ലാത്ത വംശാവലികൾക്കും ശ്രദ്ധ കൊടുക്കരുതെന്നും ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ തുടരുവാൻ ഞാൻ നിന്നെ പ്രബോധിപ്പിച്ചതു പോലെ തന്നെ.

1 തിമൊ. 6:3 ഒരുവൻ വ്യത്യസ്ത കാര്യങ്ങൾ ഉപദേശിക്കുകയും നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പഥ്യവചനങ്ങളോടും ദൈവികതയ്ക്ക് ഒത്തവണ്ണമുള്ള ഉപദേശത്തോടും യോജിക്കാതെയിരുന്നാൽ,

**ശുശ്രൂഷയിൽ നിന്നുള്ള ഉദ്ധരണികൾ:**

## കർത്താവിന്റെ നീക്കത്തിലുള്ള ഒരുമനസ്സ്

തിരുവെഴുത്ത് വായന: പ്രവൃ. 1:14; 2:46; 4:32; റോമ. 15:5-6; 1 കൊരി. 1:10; ഫിലി. 1:27; 2:2; 4:2;

1 തിമൊ. 1:3-4; 6:3; 2 തിമൊ. 1:15; വെളി. 1:4-5

ഒരുമനസ്സാണ് കർത്താവിന്റെ നീക്കത്തിൽ നമ്മുടെ ഇപ്പോഴത്തെ അനുഷ്ഠാനത്തിനുള്ള അടിസ്ഥാനം, അടിത്തറ. നാം ചെയ്യുന്നതോ പഠിപ്പിക്കുന്നതോ അനുഷ്ഠിക്കുന്നതോ ആയ എന്തും ദൈവത്തിന്റെ പൂർത്തീകരിക്കപ്പെട്ട വെളിപ്പെടായ വിശുദ്ധ വചനത്തിനനുസൃതമായിരിക്കണം. കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ ഏറ്റവും വലിയ, പ്രത്യേക സവിശേഷത സകലവും വേദപുസ്തകമനുസരിച്ച് ചെയ്യുക എന്നതാണ്. പുതിയനിയമത്തിൽ ഒരുമനസ്സിലായിരിക്കുക എന്ന കാര്യം കർത്താവിന്റെ നീക്കത്തിന് വളരെ നിർണായകമായ ഒരു നിലപാട് വഹിക്കുന്നു.

## പരിണതിപ്രാപിച്ച ആത്മാവും ഒരുമനസ്സും

കർത്താവിന്റെ നീക്കത്തിൽ ഏറ്റവും വലിയ ഘടകം പരിശുദ്ധാത്മാവാണെന്ന് പല ക്രിസ്ത്യാനികളും കണ്ടിട്ടുണ്ട്. കർത്താവിന്റെ സ്വർഗാരോഹണത്തിനുശേഷം,

ഇന്ന് പുതിയനിയമത്തിൽ കർത്താവിന്റെ നീക്കത്തിൽ ഏറ്റവും വലിയ ഘടകമായ ആത്മാവ്, പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ത്രിയേകദൈവത്തിന്റെ പരിണതിയായ പരിണതിപ്രാപിച്ച ആത്മാവാണ്. പ്രവൃത്തികളിൽ വിശ്വാസികളുടെമേൽ സ്വർഗത്തിൽനിന്ന് പകരപ്പെട്ട ആത്മാവ് ഉല്പത്തി 1:2-ൽ ഉണ്ടായിരുന്നതുപോലെ ദൈവത്തിന്റെ ആത്മാവ് മാത്രമായിരുന്നില്ല, അല്ലെങ്കിൽ മത്തായി 1:18-ലും 20-ലും ഉണ്ടായിരുന്നതുപോലെ പരിശുദ്ധാത്മാവ് മാത്രമായിരുന്നില്ല. ഉല്പത്തി 1:2-ൽ ദൈവത്തിന്റെ ആത്മാവ് ശിക്ഷവിധിക്കപ്പെട്ടതും ന്യായംവിധിക്കപ്പെട്ടതുമായ ഭൂമിയുടെമേൽ പരിവർത്തിച്ചു. അവന്റെ പരിവർത്തനത്തിലൂടെ, ദൈവത്തിന്റെ പദ്ധതിയിലെ സൃഷ്ടി കൊണ്ടുവരപ്പെട്ടു. പഴയനിയമത്തിൽ ആത്മാവ് ദൈവത്തിന്റെ പഴയ സൃഷ്ടിയുമായി വളരെയധികം ഉൾപ്പെട്ടിരുന്നു.

പുതിയനിയമത്തിൽ പരിശുദ്ധാത്മാവ് ഉണ്ട്. മത്തായി 1-ൽ ഈ പരിശുദ്ധാത്മാവ് കൂടുതൽ ആഴത്തിലുള്ള ഒന്നിൽ ഉൾപ്പെട്ടിരുന്നു. പരിശുദ്ധാത്മാവ് ബാഹ്യവും വസ്തുനിഷ്ഠവുമായ സൃഷ്ടിയിലല്ല, മറിച്ച് ആന്തരികവും ആത്മനിഷ്ഠവുമായ ജഡാവതാരത്തിലാണ് ഉൾപ്പെട്ടിരുന്നത്. ഈ ജഡാവതാരം ഒരു മനുഷ്യനിൽ ഗർഭംധരിക്കപ്പെട്ട ത്രിയേകദൈവമായിരുന്നു, ഇത് നടപ്പിലാക്കുന്നതിനുള്ള മൂലകം തന്നെ പരിശുദ്ധാത്മാവായിരുന്നു. ജഡാവതാരം നടപ്പിലാക്കുന്നതിനുള്ള ഉപാധി മാത്രമല്ല, മൂലകവും സാരാംശവും കൂടിയായിരുന്നു പരിശുദ്ധാത്മാവ്. ഏതൊരു ഗർഭധാരണത്തിനും രണ്ട് അടിസ്ഥാന സാരാംശങ്ങളുള്ള രണ്ട് അടിസ്ഥാന മൂലകങ്ങളുടെ ആവശ്യമുണ്ട്. ഈ രണ്ട് സാരാംശങ്ങളില്ലാതെ, ഒരു ഗർഭധാരണവും നിർവഹിക്കപ്പെടുവാൻ കഴിയുകയില്ല. യേശുവിന്റെ ഗർഭധാരണത്തിന്റെ ദിവ്യ സാരാംശം നടപ്പിലാക്കുന്നതിന് രണ്ട് സാരാംശങ്ങളുടെ ആവശ്യമുണ്ടായിരുന്നു—ദിവ്യ സാരാംശവും മാനുഷിക സാരാംശവും. ദിവ്യ സാരാംശം പരിശുദ്ധാത്മാവായിരുന്നു.

ജഡാവതാരം ചെയ്ത ദൈവമായ കർത്താവായ യേശു, മുപ്പത്തിമൂന്നര വർഷം ഈ ഭൂമിയിൽ ജീവിക്കുകയും, ഏഴ് പദവികളുള്ള ഒരു സർവവും-ഉൾക്കൊള്ളുന്ന മരണം വരിച്ചുകൊണ്ട് പൂർണ്ണവും നിത്യവുമായ ഒരു വീണ്ടെടുപ്പ് കൈവരിക്കുവാൻ ക്രൂശിൽ മരിക്കുകയും ചെയ്തു. പിന്നീട് അവൻ കല്ലറയിലൂടെ കടന്നുപോകുകയും പാതാളത്തിലേക്ക് അവരോഹണം ചെയ്യുകയും ചെയ്തു (പ്രവൃ. 2:27). മരണത്തിൽനിന്നും പാതാളത്തിൽനിന്നും അവൻ ഉയിർത്തെഴുന്നേൽക്കുകയും, പുനരുത്ഥാനത്തിൽ അവൻ ജീവൻ നൽകുന്ന ആത്മാവായിത്തീരുകയും ചെയ്തു (1 കൊരി. 15:45). അവന്റെ പുനരുത്ഥാന ദിവസം വൈകുന്നേരം, വിശുദ്ധ ശ്വാസമായ പരിശുദ്ധാത്മാവിനെ അവർ സ്വീകരിക്കേണ്ടതിന് അവൻ അവനെത്തന്നെ അവരിലേക്ക് ഊതി. ആ സമയമായപ്പോഴേക്കും ത്രിയേകദൈവം ശിഷ്യന്മാരിലേക്ക് പണിതുചേർക്കപ്പെട്ടു കഴിഞ്ഞിരുന്നു.

തന്റെ പുനരുത്ഥാനത്തിനുശേഷം അവൻ നാല്പതു ദിവസങ്ങളോളം ശിഷ്യന്മാരോടുകൂടെ തങ്ങുകയും, തുടർന്ന് ഒരു മലയിൽ ശിഷ്യന്മാരെ സന്ധിക്കുകയും, സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും തനിക്ക് നൽകപ്പെട്ടിരിക്കുന്നുവെന്ന് അവരോട് പറയുകയും ചെയ്തു. എല്ലാ ജാതികളെയും ത്രിയേകദൈവത്തിലേക്ക്—പിതാവിലേക്കും പുത്രനിലേക്കും ആത്മാവിലേക്കും—

സ്നാനപ്പെടുത്തിക്കൊണ്ട് അവരെ ശിഷ്യരാക്കുവാൻ അവരോട് ആജ്ഞാപിച്ചു (മത്തായി 28:16-19). ആ സമയമായപ്പോഴേക്കും, അവന്റെ പുനരുത്ഥാനത്തിനും ശിഷ്യന്മാരിലേക്ക് ആത്മാവിനെ ഊതിയതിനുശേഷം, ജാതികളെ പിതാവിന്റെയും പുത്രന്റെയും ആത്മാവിന്റെയും പൂർണനാക്കപ്പെട്ട വ്യക്തിയിലേക്ക് സ്നാനപ്പെടുത്തുവാൻ അവന് ശിഷ്യന്മാരോട് പറയുവാൻ കഴിഞ്ഞു.

ത്രിയേകദൈവത്തിന്റെ—പിതാവിന്റെയും, പുത്രന്റെയും, ആത്മാവിന്റെയും—നാമം നിരവധി കാര്യങ്ങൾ സൂചിപ്പിക്കുന്നു. മത്തായി 28:19-ൽ ഒരു പദപ്രയോഗത്താൽ നാം ത്രിയേകദൈവത്തെ അറിയരുത്. *പിതാവും, പുത്രനും, ആത്മാവും* എന്ന ഈ സർവ്വവും-ഉൾക്കൊള്ളുന്ന സംജ്ഞയുടെ പൂർണ്ണമായ വിവക്ഷിതാർഥം നാം മനസ്സിലാക്കണം. ഇത് ദൈവത്തിന്റെ ജഡാവതാരത്തെയും, യേശുവിന്റെ ഗർഭധാരണത്തെയും ജനനത്തെയും വിവക്ഷിക്കുന്നു. ഇത് ഭൂമിയിലെ യേശുവിന്റെ മനുഷ്യജീവിതത്തെയും ക്രൂശിലെ അവന്റെ സർവ്വവും ഉൾക്കൊള്ളുന്ന മരണത്തെയും വിവക്ഷിക്കുന്നു. ഇതിൽ അവൻ കല്ലറയിലും, പാതാളത്തിലും, മരണത്തിലും ആയിരുന്നതും, ജീവൻ നൽകുന്ന ആത്മാവായിത്തീരുവാൻ പുനരുത്ഥാനത്തിലൂടെ ഭൂമിയിലേക്ക് മടങ്ങിവരുന്നതും ഉൾപ്പെടുന്നു. ഇതിനുശേഷം പരിണതിപ്രാപിച്ച ആത്മാവായിരിക്കുവാൻ ത്രിയേകദൈവം പോകുന്നതിനുള്ള പ്രക്രിയ പൂർണമായി നിവർത്തിച്ചുകൊണ്ട് അവൻ സ്വർഗാരോഹണം ചെയ്തു. പിന്നീട് അവൻ ഈ ആത്മാവിനെ പകർന്നു, സ്വർഗത്തിൽനിന്ന് ത്രിയേകദൈവത്തിൽനിന്ന് പകരപ്പെട്ട ഈ ആത്മാവ് ഈ ഭൂമിയിലെ അവന്റെ നീക്കത്തിന്റെ, കർത്താവിന്റെ വശത്ത്, ഭൂമിയിന്മേലുള്ള അവന്റെ നീക്കത്തിന്റെ, ഏറ്റവും ശക്തമായ ഘടകമായിത്തീർന്നു.

ഒരു വശത്ത് ദൈവത്തിന്റെ നീക്കം പരിണതിപ്രാപിച്ച ആത്മാവെന്ന നിലയിൽ അവനെത്തന്നെ ആശ്രയിച്ചിരിക്കുന്നു. മറുവശത്ത്, നിവർത്തീകരണത്തിന്റെ സാധ്യത ഉണ്ടായിരിക്കേണ്ടതിന് അവന് നമ്മെ ആവശ്യമുണ്ട്. നാം അവന് ഒരു തരത്തിലുള്ള സഹകരണവും നൽകുന്നില്ലെങ്കിൽ, അഥവാ ഏതെങ്കിലും തരത്തിലുള്ള പ്രതികരണവും നൽകുന്നില്ലെങ്കിൽ, ത്രിയേകദൈവത്തിന്റെ പരിശുദ്ധാത്മാവ് എത്ര ശക്തനും ചലനാത്മകനും ബലവാനുമാണെങ്കിലും ഒന്നും സംഭവിക്കുകയില്ല. സൃഷ്ടിപ്പിൻവേല ദൈവത്തിന് സ്വയം ചെയ്യുവാൻ കഴിയും, എന്നാൽ പുതിയ സൃഷ്ടിയുടെ വേല ചെയ്യുവാൻ കഴിയില്ല. പുതിയ സൃഷ്ടിയുടെ വേല ജഡാവതാരത്തിന്റെ തത്ത്വത്തിൽ, ദൈവം മനുഷ്യനുമായി ഒന്നായിരിക്കുന്ന തത്ത്വത്തിൽ, മൂന്നാമതൊരു മൂലകം ഉളവാക്കപ്പെടാതെ രണ്ട് മൂലകങ്ങളിൽനിന്ന് ഒരു ഉണ്മയെ സൃഷ്ടിക്കുക എന്ന തത്ത്വത്തിൽ നടപ്പിലാക്കണം. ഈ ഭൂമിയിൽ ദൈവത്തിന്റെ നീക്കത്തിനുള്ള ശക്തിയും, ഉപാധിയും, ഘടകവും പരിശുദ്ധാത്മാവാണ്, എന്നാൽ അത് ഒരു വശം മാത്രമാണ്. മറ്റൊരു വശത്തിന്റെ,, മനുഷ്യ വശത്തിന്റെ ആവശ്യമുണ്ട്. മറ്റൊരു ഘടകത്തിന്റെ—ഒരുമനസ്സിന്റെ—ആവശ്യമുണ്ട്.

പ്രവൃത്തികൾ 1-ൽ ഭൂമിയിൽ ഒരുമനസ്സ് ഇല്ലായിരുന്നുവെങ്കിൽ, ശക്തവും ചലനാത്മകവുമായ ആത്മാവിനെ ഒരിക്കലും പകരുവാൻ കഴിയുമായിരുന്നില്ല. അവനെ എടുക്കുവാനും, അവനെ സ്വീകരിക്കുവാനും, അവനെ ഉൾക്കൊള്ളുവാനും, അവനെ ആവിഷ്കരിക്കുവാനും ഒരു പാത്രവും ഉണ്ടാകുമായിരുന്നില്ല. അങ്ങനെ, ഒരുമനസ്സ് നിർണായകമാണ്. അത്

ദൈവത്തിന്റെ പ്രവൃത്തിക്കുള്ള പ്രതികരണമോ, അവന്റെ നീക്കത്തിനായി ദൈവത്തിന് അർപ്പിക്കുന്ന ഒരു ഏകോപനമോ സഹകരണമോ ആണ്. ദൈവത്തിന്റെ വശത്തുള്ള കർത്താവിന്റെ നീക്കം പരിണതിപ്രാപിച്ച ആത്മാവിനെ ആശ്രയിച്ചിരിക്കുകയും, നമ്മുടെ വശം ഒരുമനസ്സിനെ ആശ്രയിച്ചിരിക്കുകയും ചെയ്യുന്നു. ആത്മാവിന്റെ പകർച്ചയ്ക്കുമുമ്പ്, ഒരു കൂട്ടം ആളുകൾ ഒരുമനസ്സിൽ ഒരുമിച്ച് പ്രാർഥിക്കുന്നുണ്ടായിരുന്നു (വാ. 14). ആ ഒരുമനസ്സ് ആത്മാവിന്റെ പകർച്ച സ്വീകരിക്കുന്നതിനുള്ള അവരുടെ ഒരുക്കമായിരുന്നു. ഈ പകർച്ചയ്ക്കുശേഷം, പെന്തക്കോസ്ത് നാളിൽ രക്ഷിക്കപ്പെട്ട മൂവായിരം പേരോടൊടൊപ്പം അവർ ഈ ഒരുമനസ്സിൽ നിലനിൽക്കുകയും തുടരുകയും ചെയ്തു (2:46). ഈ ഒരുമനസ്സ് പ്രവൃത്തികളുടെ പുസ്തകത്തിലുടനീളം കർത്താവിന്റെ നീക്കത്തിന്റെ അടിസ്ഥാന ഘടകമായിരുന്നു.

റോമാലേഖനം ക്രിസ്തീയ ജീവിതത്തിന്റെയും സഭാജീവിതത്തിന്റെയും തത്ത്വങ്ങളെക്കുറിച്ചുള്ള ഒരു പുസ്തകമാണ്, എന്നാൽ 15:6-ൽ അത് നമ്മെ ഒരേ കാര്യത്തിന്—ഒരുമനസ്സിന്—ആജ്ഞാപിക്കുന്നു. ഒരുമനസ്സില്ലെങ്കിൽ. സഭയ്ക്ക് മുന്നോട്ടു പോകുവാൻ ബുദ്ധിമുട്ടാണ്, സഭാജീവിതം ഉണ്ടായിരിക്കുവാനും ബുദ്ധിമുട്ടാണ്. "ഒരേ കാര്യം സംസാരിക്കുവാൻ" (1:10) കൊരിന്ത്യരോട് പറഞ്ഞുകൊണ്ട് 1 കൊരിന്ത്യരിൽ പൗലൊസ് വീണ്ടും ഒരുമനസ്സിനെക്കുറിച്ച് സംസാരിക്കുന്നു. ഫിലിപ്പ്യലേഖനത്തിൽ, ശരിയായ സഭാജീവിതത്തിലുള്ള ശരിയായ ക്രിസ്താനുഭവത്തിന്, ഒരുമനസ്സ് തീർച്ചയായും നമുക്കാവശ്യമാണെന്ന് ശക്തിയായും ആവർത്തിച്ചും നമ്മോട് ആജ്ഞാപിക്കുന്നു (1:27; 2:2; 4:2). ഒരുമനസ്സ് അർഥമാക്കുന്നത് നമ്മുടെ ദേഹിയോടും ഹൃദയത്തോടുംകൂടെ പൊതിയപ്പെട്ടതായി ഏക ഉദ്ദേശ്യത്തോടുകൂടെയുള്ള ഒരു മനസ്സിനെയും ഒരു ഇച്ഛയെയുമാണ്.

ഒരുമനസ്സിന്റെ കാര്യം ഒരു വശത്ത് കർത്താവിന്റെ നീക്കത്തെ സംബന്ധിച്ച മുഴുവൻ വെളിപാടിനെ നിയന്ത്രിക്കുന്നു. കർത്താവിന്റെ വശത്ത് ആത്മാവില്ലായിരുന്നുവെങ്കിൽ, ഈ ഭൂമിയിൽ കർത്താവിന് നീങ്ങുവാൻ കഴിയുക അസാധ്യമാകുമായിരുന്നു. ഇതേ തത്ത്വത്തിൽ, നമ്മുടെ വശത്ത് ഒരുമനസ്സില്ലാതെ ദൈവത്തിന് നീങ്ങുവാൻ കഴിയുകയില്ല. നാം ദൈവത്തോട് പൊരുത്തപ്പെടണം. അവൻ ഇപ്പോൾ പരിണതിപ്രാപിച്ച ആത്മാവാണ്, നാം പറയണം, "കർത്താവേ, ഏകമനസ്സായി ഞങ്ങൾ ഇവിടെ ഒരുങ്ങിയിരിക്കുന്നു. ഈ ഒരുമനസ്സോടെ നിനക്ക് ആദരവു കാണിക്കുവാൻ മാത്രമല്ല, ഈ ഒരുമനസ്സിനെ നിനക്ക് സമർപ്പിക്കുവാനും ഞങ്ങൾ ആഗ്രഹിക്കുന്നു." ഉടനെ ഒരുതരം വിവാഹം ഉണ്ടാകുന്നു, ഒരു ദമ്പതികൾ പുറത്തുവരുന്നു. അപ്പോൾ എന്തും ചെയ്യുവാൻ കഴിയും.

**ഒരുമനസ്സിന്റെ താങ്ങിനിർത്തുന്ന ഘടകം**

ഏതു തരത്തിലുള്ള സമൂഹത്തിലോ ഗ്രൂപ്പിലോ പ്രസ്ഥാനത്തിലോ ഒരുമനസ്സുണ്ടായിരിക്കണമെന്ന് നിങ്ങൾ പ്രതീക്ഷിക്കുന്നുവെങ്കിൽ, ഒരേ തരം അറിവിൽനിന്നു വരുന്ന അതേ തരം ചിന്താഗതി നിങ്ങൾക്ക് ആവശ്യമാണ്. സോഷ്യലിസ്റ്റ് പാർട്ടി സോഷ്യലിസത്തിന് ഊന്നൽ നൽകുന്നു. ഏതൊരു രാഷ്ട്രീയ പാർട്ടിക്കും അതിന്റേതായ "ഇസം" ഉണ്ട്. ഒരു പാർട്ടി ഉണ്ടായിരിക്കുന്നതിന്, ഒരുമനസ്സെന്നു നാം വിളിക്കുന്നത് ഉണ്ടായിരിക്കുന്നതിന്, അവരുടെ "ഇസ"ത്തിന് അവർ ഊന്നൽ നൽകുന്നു. ഒരുമനസ്സില്ലാതെ ഒരു പാർട്ടിക്കും യാതൊന്നും

നിവർത്തിക്കുവാൻ കഴിയുകയില്ല. ഏതൊരു സമൂഹത്തിനും, ഗ്രൂപ്പിനും, പ്രസ്ഥാനത്തിനും ഒരേ തരം ചിന്തയിൽനിന്ന്, ഒരേ തരം അറിവിൽനിന്ന് വരുന്ന ഈ ഒരുമനസ്സ് ആവശ്യമാണ്. അതിനാൽ, ഒരു വശത്ത്, ശിഷ്യന്മാർക്കിടയിൽ ഒരുമനസ്സുണ്ടായിരുന്നുവെന്നും, മറുവശത്ത് ഒരുമനസ്സുണ്ടായിരുന്ന എല്ലാവരും അപ്പൊസ്തലന്മാരുടെ ഉപദേശം തുടരുകയായിരുന്നുവെന്നും പ്രവൃത്തികളുടെ പുസ്തകം നമ്മോടു പറയുന്നു (2:42). ഏകകണ്ഠമായ നിലപാട് സ്വീകരിക്കുന്ന ഘടകം അപ്പൊസ്തലന്മാരുടെ ഉപദേശം ഒരുമനസ്സിന്റെ താങ്ങിനിർത്തുന്ന ഘടകമായിരുന്നു. ഒന്നിലധികം ഉപദേശം ഉണ്ടായിരുന്നെങ്കിൽ, അത് താങ്ങിനിർത്തുന്ന ഘടകത്തെ നശിപ്പിക്കുമായിരുന്നു. (*The Collected Works of Witness Lee, 1986,* vol. 1, “Elders’ Training, Book 7: One Accord for the Lord’s Move,” pp. 155-158)